പതിനാലാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ .2622 12.02.2019 ൽ മറുപടിയ്ക്ക്

## വനം കയ്യേറിയ കർഷകർ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. അടൂർ പ്രകാശ് | | അഡ്വ .കെ.രാജു (ബഹു.വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പമന്ത്രി) |
| (എ) | 01.01.1977 ന് മുമ്പ് വനം കയ്യേറിയ കർഷകർക്ക് പട്ടയം നൽകുന്നതിന് കേന്ദ്രത്തിന്റെ അനുമതി ലഭിച്ച പ്രകാരം കോന്നി ഫോറസ്റ്റ് ഡിവിഷനിൽ എത്ര ഹെക്ടർ ഭൂമി പട്ടയം നൽകുന്നതിനായി കൈമാറിയിട്ടുണ്ട്; | (എ) | 01.01.1977 ന് മുമ്പ് വനം കയ്യേറിയ കർഷകർക്ക് കേന്ദ്രാനുമതിയോടു കൂടി 54.1432 ഹെക്ടർ വനഭൂമിക്ക് കോന്നി ഡിവിഷനിൽ പട്ടയം നൽകിയിട്ടുണ്ട്. |
| (ബി) | മുൻ യു.ഡി. എഫ് സർക്കാരിന്റെ കാലത്ത് നൽകിയ ഏതെങ്കിലും പട്ടയം ഈ സർക്കാർ റദ്ദാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ കാരണം വ്യക്തമാക്കുമോ? | (ബി) | ഉണ്ട്, പത്തനംതിട്ട ജില്ലയിൽ വനം-റവന്യൂ വകുപ്പുകളുടെ സംയുക്ത പരിശോധന പൂർത്തിയായ 01.01.1977 നു മുൻപുള്ള 6362 ആൾക്കാരുടെ കയ്യേറ്റങ്ങൾ ആകെ 1970.04 ഹെക്ടർ ഉള്ളതായി കണ്ടെത്തിയിട്ടുള്ളതാണ്. ആയത് വനം കയ്യേറ്റഭൂമി തന്നെയാണ്. ആയതിന്റെ സ്റ്റാറ്റസ് റിസർവ്വ് ഫോറസ്റ്റുമാണ്. സംയുക്ത പരിശോധനയിൽ ഉൾപ്പെട്ട ടി ഭൂമിക്കാണ് കേന്ദ്ര സർക്കാരിന്റെ 1980 ലെ കേന്ദ്ര വന (സംരക്ഷണ) നിയമ പ്രകാരമുള്ള അനുമതിയില്ലാതെ പട്ടയം നൽകിയതും, തുടർന്ന് റദ്ദാക്കുകയും ചെയ്യപ്പെട്ടത്. ഈ വിഷയത്തിൽ, 01.01.1977 നു മുൻപുള്ള വനഭൂമി കയ്യേറ്റങ്ങൾ ക്രമീകരിച്ച് പട്ടയം നൽകുന്നതിന് കേന്ദ്ര സർക്കാരിന്റെ 1980 ലെ കേന്ദ്ര വന (സംരക്ഷണ) നിയമത്തിൻ കീഴിലുള്ള അനുമതി അനിവാര്യമാണ്. ഇപ്രകാരമുള്ള കേന്ദ്ര സർക്കാരിന്റെ അനുമതിയില്ലാതെ വനഭൂമിക്ക് നൽകിയിട്ടുള്ള പട്ടയങ്ങൾ നിയമവിരുദ്ധമാകയാലാണ് ആയവ റദ്ദുചെയ്തിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ